**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4206** **06-03-2023 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് നൽകാനുള്ള ക്ഷാമാശ്വാസം കുടിശിക ആയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ക്ഷാമാശ്വാസമാണ് പെൻഷനോടൊപ്പം നൽകി വരുന്നത്. പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് ക്ഷാമാശ്വാസ കുടിശ്ശിക കണക്കാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത കുടിശിക എന്ന് അനുവദിക്കുമെന്നാണ് ആദ്യം ഉത്തരവിറക്കിയതെന്നും കുടിശിക വിതരണം നാളിതുവരെ എത്ര തവണ മാറ്റി വച്ചിട്ടുണ്ടെന്നും അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറക്കിയിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ക്ഷാമാശ്വാസമാണ് പെൻഷനോടൊപ്പം നൽകി വരുന്നത്. പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് ക്ഷാമാശ്വാസ കുടിശ്ശിക കണക്കാക്കിയിട്ടില്ല. |
| (സി) | പെൻഷൻകാരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പെൻഷൻകാരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് 04/05/2019 -ലെ സ.ഉ(അ)നം.55/2019/ ധന, 27/05/2020 -ലെ സ.ഉ(അ)നം.67/ 2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രിസം സോഫ്റ്റ് വെയർ മുഖാന്തിരം പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ